# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 521** **27/9/2011 ൽ മറുപടിക്ക്**

## കേരള ആട്ടോമൊബൈൽസിന്റെ വിഹിതം കുറയാനിടയായ സാഹചര്യം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. വി. ശിവൻകുട്ടി**<br>**ശ്രീമതി. പി. അയിഷാപോറ്റി** | **ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ)) ത്രീവീലർ മാർക്കറ്റിൽ കേരള ആട്ടോമൊബൈൽസിന്റെ വിഹിതം കുറയാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്, ത്രീവീലർ മാർക്കറ്റിംഗിൽ കാര്യമായ ഒരു വിഹിതം കെ.എ.എൽ ന് ഇല്ലായിരുന്നു. കമ്പോളത്തിന്റെ അഭിരുചിക്ക് അനുസരിച്ച് ത്രീവിലറുകളിൽ വേണ്ടിയിരുന്ന മാറ്റങ്ങളുടെ അഭാവം, കടുത്ത മാത്സര്യ ക്ഷമതയുള്ളതും ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി മാറുന്ന കമ്പോളം, വിതരണക്കാരിൽ ഉണ്ടായ വിശ്വാസ്യത കുറവുമൂലം നിർമ്മാണത്തിന് ആവശ്യമായ എൻജിൻ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങളിൽ ഉണ്ടായ കുറവു മൂലം ഉത്പാദനത്തിലുണ്ടായ വ്യതിയാനം, കമ്പനിയുടെ ഉൽപന്നത്തിന്റെ പ്രധാന വിപണിയായ വടക്കേ ഇൻഡ്യയിൽ പരിസര മലിനീകരണത്തിനെതിരായ ഡീസൽ എൻജിൻമേലുണ്ടായിരുന്ന നിരോധനം തുടങ്ങിയ വിവിധ കാരണങ്ങളാൽ കുറവു സംഭവിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോഴത്തെ സാഹചര്യങ്ങളെ അതിജീവിക്കാൻ ഉയർന്ന നിലവാരമുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള പുതിയ മോഡൽ ഉല്പാദിപ്പിക്കാനുള്ള മുൻസർക്കാരിന്റെ ശ്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) റിയർ എൻജിൻ, പെട്രോൾ വെഹിക്കിൾ തുടങ്ങിയ പല മോഡലുകളുടെയും ഉല്പാദനത്തെ പറ്റി ചർച്ച നടന്നെങ്കിലും ഇപ്പോഴുള്ള സാഹചര്യങ്ങൾ |

ഉപയോഗിച്ച് ഉയർന്ന മോഡലുകൾ നിർമ്മിക്കുന്നതിനുള്ള വ്യക്തമായതും സമഗ്രവുമായ ഒരു പുനരുദ്ധാരണ പദ്ധതിയും നിലവിലില്ലായിരുന്നു. പ്രവർത്തന മൂലധനം സർക്കാരിൽ നിന്നും ലഭ്യമാക്കുക വഴി കമ്പനി നിലനിന്നു പോകുവാനുള്ള മാർഗങ്ങളായിരുന്നു പ്രധാനമായും ആരാഞ്ഞു വന്നിരുന്നത്.

(സി) പുതിയ പ്രോജക്ടുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; ഇതിനായി എന്തു തുക ഇപ്പോൾ നൽകുകയുണ്ടായെന്നറിയിക്കുമോ ?

ഇല്ല

സെക്ഷൻ ഓഫീസർ